മാധ്യമം ● ഞായർ ● 21 ജനുവരി 2018 ● ലക്കം 1547

വാരാദ്യ മാധ്യമം

varadyam@madhyamam.in



# വടക്കുകിഴക്കേ അറ്റത്തെ ഹൃദയങ്ങൾ

ഉമനാഘട്ട് നദിയിലെ തോണിയാത്ര ● ചിത്രം: സോബിൻ ചന്ദ്രൻ

കെ.പി.എം. റിയാസ്

മനുഷ്യത്വത്തിനും മുകളിൽ ദേശഭക്തിയെ
വാഴിക്കില്ല ഞാൻ,
വജ്രത്തിൻെറ വിലക്ക് ചില്ലുകഷണങ്ങൾ
വാങ്ങാനില്ല ഞാൻ
-രവീന്ദ്രനാഥ ടാഗോർ

എത്ര ജാഗ്രതയോടെയാണ് ഓരോ രാജ്യവും അതിർത്തികൾ സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. തോക്കുകളും അത്യാധുനിക ആയുധങ്ങളുമായി ഉറങ്ങാതെയിരിക്കുന്ന സൈനികർ, ഭീമൻ വേലികൾ, റഡാറുകൾ, ലേസർ കാമറകൾ തുടങ്ങി എല്ലാ പഴുതുകളും അടച്ച് ഒരു ഉറുമ്പുപോലും അങ്ങോട്ടോ ഇങ്ങോട്ടോ കടക്കാതിരിക്കാൻ കാവൽ. എന്നിട്ടും രണ്ട് രാജ്യങ്ങളിലെ ജനങ്ങൾ ഒരു പുഴയുടെ സ്നേഹതീരത്തു സംഗമിക്കുന്ന കാഴ്ച ഇന്ത്യയിൽത്തന്നെയുണ്ടെന്ന് പറഞ്ഞാൽ വിശ്വസിച്ചേ പറ്റൂ. അവരെ സംബന്ധിച്ച് ഉള്ളിലെ സൗഹാർദത്തള്ളിച്ചയുടെ വേലിയേറ്റത്തിൽ മാഞ്ഞുപോവുന്നതാണ് ദേശീയത വരച്ചുവെച്ച നിയന്ത്രണരേഖ. ഇന്ത്യയുടെ വടക്കുകിഴക്കേ അറ്റത്ത് ബംഗ്ലാദേശുമായി അതിരു പങ്കിടുന്ന ഉമനാഘട്ട് നദിക്കരയിൽചെന്നാൽ മനുഷ്യസ്നേഹം മതിലുകൾ ഭേദിക്കുന്നതെങ്ങനെയെന്ന് നേരിട്ടു കാണാം. അതും ശക്തമായ നിരീക്ഷണ സംവിധാനത്തിനു ചുവട്ടിൽ നിന്നുതന്നെ.

**ഇന്ത്യയും ബംഗ്ലാദേശും അതിരുപങ്കിടുന്ന മേഘാലയയിലെ ഉമനാഘട്ട് നദിക്കരയിൽ ചെന്നാൽ സൗഹാർദത്തള്ളിച്ചയുടെ വേലിയേറ്റത്തിൽ മാഞ്ഞുപോവും ദേശീയത വരച്ചുവെച്ച നിയന്ത്രണരേഖ. വിസയും പാസ്പോർട്ടുമില്ലാതെ രണ്ട് രാജ്യങ്ങളിലെ ജനങ്ങളിതാ ഒരു പുഴയുടെ സ്നേഹതീരത്ത് കുശലം പറയുന്നു**

## സ്ഫടികപ്പുഴ കടന്ന് അയൽക്കാർക്കിടയിൽ

ഉമനാഘട്ട് നദിയുടെ മനോഹാരിത മറന്ന് അതിർത്തിയിലേക്ക് പോവുക വയ്യ. സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്കൊഴുകിയ പോലൊരു പുഴ. മേഘാലയൻ ഗോത്രവർഗക്കാരുടെ മനസ്സോളം സുന്ദരം, സ്ഫടിക സമാനം. രാജ്യത്തെ ഏറ്റവും മാലിന്യമുക്തമായ നദിയാണത്രെ ഉമനാഘട്ട്. രണ്ടാൾപ്പൊക്കത്തിൽ ആഴമുണ്ടെങ്കിലും പച്ച നിറത്തിൽ ചാലിച്ച അടിത്തട്ടിൽ കല്ലുകൾ ഗ്ലാസ് അക്വേറിയത്തിലെന്നപോലെ തെളിഞ്ഞു കാണാം. സൂര്യപ്രകാശത്തിൽ അവ വെട്ടിത്തിളങ്ങുന്നു. ഇതിന് കുറുകെയുള്ള ദൗകി പാലത്തിനു മുകളിൽനിന്ന് നോക്കിയാൽ ഗ്ലാസിന് മുകളിലൂടെയെന്നോണം തെന്നി നീങ്ങുന്ന തോണികൾ. ഒരു ത്രിമാനചിത്രം ആസ്വദിക്കുന്ന അനുഭവമായാണ് അനുഭവപ്പെടുക.

ഷില്ലോങ്ങിൻെറ കിഴക്കേയറ്റത്തുനിന്നാണ് ഉമനാഘട്ടിൻെറ ഉദ്ഭവം. ഇന്ത്യ-ബംഗ്ലാ അതിർത്തിയും പരമ്പരാഗത വ്യാപാര കേന്ദ്രവുമായ ദൗകിയിലൂടെ ഒഴുകുന്ന പുഴ ബംഗ്ലാദേശിലാണ് ചെന്നുചേരുന്നത്. ഒരു മണിക്കൂർ നീളുന്ന തോണിയാത്രയാണ് ഉമനാഘട്ടിലെ പ്രധാന 'വിഭവം'. കടവിൽനിന്ന് ആദ്യം ഇടത്തോട്ട്. മുന്നോട്ടു നീങ്ങുംതോറും പുഴക്ക് സൗന്ദര്യമേറിവരും. തോണിയെ തൊട്ടുരുമ്മുന്ന ചെറുമീനുകൾ. ഉപജീവനത്തിനായി ചൂണ്ടയിടുന്ന സ്ത്രീകളെയും കുട്ടികളെയും കാണാം ഇരുകരയിലും. ഇടക്ക് ഉരുളൻ കല്ലുകൾ നിറഞ്ഞ ചെറിയ ദ്വീപുകൾ. ഒരു ശിൽപിയുടെ കരവിരുതിൽ തീർത്തതുപോലെ മനോഹരമാണ് പല നിറങ്ങളിലുള്ള കല്ലുകൾ. ആർക്കും കുറെയെണ്ണം കൂടെക്കൊണ്ടുവരാൻ തോന്നും. ഇതു വിറ്റ് അന്നം തേടുന്നവരുണ്ട്. വിനോദ സഞ്ചാരികൾക്ക് രാപ്പാർക്കാൻ ടെൻറുകളും ഭക്ഷണശാലകളുമുണ്ട് ദ്വീപിൽ.

## ജാഫ് ലോങ് സീറോ പോയൻറിലെ സമാഗമം

തോണി തിരിച്ചു നീങ്ങുകയാണ്. ദൗകി പാലത്തിനടിയിലൂടെ മടങ്ങുമ്പോൾ പുഴയുടെ അങ്ങേക്കരയിൽ കുറെ പേർ നിൽക്കുന്നു. ആരാണവരെന്ന ചോദ്യത്തിന് തോണിക്കാരൻ നൽകിയ മറുപടി അദ്ഭുതപ്പെടുത്തി, 'ബംഗ്ലാദേശികൾ!' നമ്മെപ്പോലെ ദൗകിയുടെ സൗന്ദര്യം ആസ്വദിക്കാനെത്തിയവർ. മുജീബുർറഹ്മാൻെറയും ശൈഖ് ഹസീനയുടെയും മുഹമ്മദ് യൂനുസിൻെറയും നാട്ടുകാരതാ കൈയെത്തും ദൂരെ. കുറെ പിറകിലോട്ട് മാറി ബംഗ്ലാദേശി വീടുകൾ കാണാം. പള്ളികളിൽ നിന്ന് ബാങ്കൊലിയും പ്രഭാഷണങ്ങളും കേൾക്കുന്നു. വിളിച്ചാൽ കേൾക്കുന്നത്രയും അകലത്തിലൂടെ കൊണ്ടുപോയ തോണിക്കാരന് മടങ്ങിപ്പോവാനുള്ള തിടുക്കം. കുറെപ്പേർ പുഴയിലേക്ക് നോക്കി എന്തൊക്കെയോ പറയുന്നുണ്ട്.

തൊട്ടടുത്തെത്തിയിട്ടും ബംഗ്ലാ മണ്ണിൽ കാലുകുത്താതെ, ഒരുകാലത്ത് ഇന്ത്യക്കാരായിരുന്നവരുടെ പിന്മുറക്കാരോട് ഒരുവാക്ക് മിണ്ടാതെ തിരികെപ്പോരുന്നതെങ്ങനെ? പുതിയ മലയാളത്തിൽ പറഞ്ഞാൽ 'കുമ്മനടി'ക്കാനൊരു ചെറിയ ശ്രമം. റോഡ് മാർഗം അതിർത്തിയിലെത്താൻ 10 കി.മീറ്റർ കൂടി പോകണം. തമാബിലിലാണ് ചെക് പോസ്റ്റ്. ബ്രിട്ടീഷ് ഭരണകാലത്ത് പണികഴിപ്പിച്ച ദൗകി തൂക്കുപാലം കടന്ന് ഏകദേശം കാൽ കി.മീറ്റർ മുന്നോട്ടു നടന്നാൽ പുഴയുടെ മറുകരയിൽ ബംഗ്ലാദേശികൾ നിൽക്കുന്ന ഭാഗത്തേക്കിറങ്ങാം. ജാഫ് ലോങ് സീറോ പോയൻെറന്നറിയപ്പെടുന്ന ഇവിടം മുതൽ ബംഗ്ലാദേശാണ്. വിസയും പാസ്പോർട്ടുമില്ലാതെ അയൽരാജ്യക്കാർ പരസ്പരം കാണുന്നു. ജവാന്മാർ കനിഞ്ഞാൽ അടുത്തുചെന്ന് ഹസ്തദാനം ചെയ്യാം, സൗഹൃദം പങ്കിടാം, ഫോട്ടോയെടുക്കാം. കലർപ്പില്ലാത്ത സ്നേഹാന്തരീക്ഷം, ഉമനാഘട്ടിലെ വെള്ളംപോലെ.

## രണ്ടു രാജ്യങ്ങൾ ഒറ്റ സെൽഫിയിൽ

അതിർത്തി രക്ഷാസേനയുടെ 30 ബറ്റാലിയൻ ദൗകി-തമാബിൽ മേഖലയിൽ കാവൽ നിൽക്കുന്നുണ്ട്. ഉമനാഘട്ട് നദിക്കരയിൽ പക്ഷേ, ഏതാനും പട്ടാളക്കാരെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. നുഴഞ്ഞുകയറ്റക്കാരെ കാമറകൾ വഴി നിരീക്ഷിക്കുന്നുണ്ടാവണം. കൗതുകത്തോടെയാണ് ഇന്ത്യയിലെയും ബംഗ്ലാദേശിലെയും വിനോദ സഞ്ചാരികൾ പരസ്പരം നോക്കുന്നത്. ചിലർ തമ്മിൽ സംസാരിക്കുന്നു, അയൽരാജ്യക്കാരാണ് കൺമുന്നിലെന്ന് വിശ്വസിക്കാൻ പ്രയാസം. ഇരുകൂട്ടരും ഇടകലരുന്നില്ലെന്ന് ഉറപ്പാക്കിക്കൊണ്ടിരിക്കുന്ന ബി.എസ്.എഫ് ജവാൻ മാറിനിൽക്കാൻ ആവശ്യപ്പെടുന്നുമുണ്ട്.

അവർക്കടുത്തേക്കു ചെന്ന് സെൽഫിയെടുക്കുന്നത് കണ്ട ജവാന് സംഗതി അത്ര പിടിച്ചില്ലെന്ന് നോട്ടത്തിൽനിന്ന് മനസ്സിലാക്കാം. ബംഗ്ലാദേശിലെ ചിറ്റഗോങ് സ്വദേശിയാണ് ബിരുദവിദ്യാർഥിയായ സാൻവർ അലി എന്ന സണ്ണി. ഉമനാഘട്ട് നദിയും ദൗകിയും അതിർത്തിയുമൊക്കെ കാണാനെത്തിയ വിനോദസഞ്ചാരി. തൻെറ കൂടെ നിൽക്കുന്നവർ ഇന്ത്യക്കാരാണെന്ന് ഫേസ്ബുക്ക് ലൈവിൽ സുഹൃത്തുക്കൾക്ക് പരിചയപ്പെടുത്തുന്ന കൗതുകത്തിലായിരുന്നു അവൻ. സൗഹൃദ സംഭാഷണം നീളുന്നുവെന്ന് കണ്ടതോടെ ജവാൻ ഇടപെട്ടു. എല്ലാവർക്കും കൈകൊടുത്ത് ബംഗ്ലാദേശികൾക്കിടയിലേക്ക് സണ്ണി മാറി.

ബംഗാളികളുടെയും ബംഗ്ലാദേശികളുടെയും ഇഷ്ട ഇനമായ ബെറി അച്ചാറിൻെറ വിൽപന തകൃതിയായി നടക്കുന്നുണ്ട്. 'തീസ് റുപയാ, ആഓ ഭയ്യാ...' എന്ന് ബംഗ്ലാ കച്ചവടക്കാർ വിളിച്ചുപറയുമ്പോൾ പോകരുതെന്ന് ആംഗ്യം കാണിക്കുന്നുണ്ട് ജവാൻ. ഒടുവിൽ അദ്ദേഹത്തിൻെറ പാതിസമ്മതത്തോടെ പെട്ടെന്ന് ചെന്ന് വാങ്ങിവന്നു. ഇന്ത്യൻ, ബംഗ്ലാദേശി കറൻസികൾ ഒരുപോലെ സ്വീകരിക്കുന്നുണ്ട് കച്ചവടക്കാർ.

## ഗുവാഹതിയിൽ നിന്ന് ദൗകി വഴി ധാക്കയിലേക്ക്

വിമാനത്തിലോ തീവണ്ടി മാർഗമോ ഗുവാഹതിയിലെത്തിയാൽ അവിടെനിന്ന് രണ്ടര മണിക്കൂർകൊണ്ട് ഷില്ലോങ് പിടിക്കാം. ഗുവാഹതിയിലെ ഖനാപാറയിൽ നിന്ന് ഷില്ലോങ്ങിലെ പൊലീസ് ബസാറിലേക്ക് ഷെയർ ടാക്സി കിട്ടും. 89 കി.മീറ്റർ ദൂരമുണ്ട്. രണ്ടര മണിക്കൂറോളം എടുക്കും യാത്രക്ക്. ഡിസംബറിൽ 20 ഡിഗ്രി താപനിലയുള്ള ഗുവാഹതിയിൽനിന്ന് എൻ.എച്ച്-6 ലൂടെയുള്ള യാത്ര. മേഘങ്ങളുടെ നാടായ മേഘാലയയിലേക്ക് അടുക്കുംതോറും തണുപ്പ് കൂടിക്കൊണ്ടിരിക്കും.

അവശിഷ്ട ഹിമാലയത്തിൽ കുന്നുകളും താഴ്വരകളും നിറഞ്ഞ മേഘാലയയിൽ 12 ഡിഗ്രിയാണ് ഡിസംബറിലെ ശരാശരി താപനില. ഷില്ലോങ്ങിലെ അഞ്ജലിയിൽനിന്ന് 82 കി.മീറ്റർ ദൂരമുണ്ട് ദൗകിയിലേക്ക്. ചിലയിടങ്ങളിൽ പാത ദുർഘടം. ഉച്ചയോടെ കോടയിറങ്ങാൻ തുടങ്ങും. മഴക്കാടുകളും സമതലങ്ങളും പാറക്കൂട്ടങ്ങളും കുന്നുകളും അരുവികളും കൊക്കകളുമൊക്കെയായി കാഴ്ചക്കാരെ വിടാതെ പിന്തുടരുന്ന പ്രകൃതിസൗന്ദര്യം. തവിട്ടു നിറമുള്ള കുന്നുകളെ തഴുകി മേഘക്കൂട്ടങ്ങൾ പറന്നുപോകുന്നു. സൊഹ്റ എന്നറിയപ്പെടുന്ന ചിറാപുഞ്ചി പല കവലകളിലും വലത്തോട്ട് സൂചനാബോർഡ് വെച്ച് മാടി വിളിക്കുന്നുണ്ട്. ഈസ്റ്റ് ഖാസി ഹിൽസ്, വെസ്റ്റ് ജയ്ൻറിയ ഹിൽസ് ജില്ലകളെ വേർതിരിക്കുന്നത് ഉമനാഘട്ട് നദിയാണ്. ഖാസി കുന്നുകളുടെ കിഴക്കേ അറ്റത്തുനിന്ന് ഇതിനു മുകളിൽ നിർമിച്ചിരിക്കുന്ന ദൗകി പാലം കടന്നാൽ ജയ്ൻറിയ കുന്നുകളിലെത്താം. അസമിൽനിന്ന് മേഘാലയയിലൂടെ ബംഗ്ലാദേശിലേക്ക് ബസ് സർവിസുണ്ട്. യാത്രാരേഖകളുള്ളവർക്ക് ഗുവാഹതിയിൽനിന്ന് തുടങ്ങി ഷില്ലോങ്ങിലൂടെ ദൗകി തൂക്കുപാലവും തമാബിൽ ചെക് പോസ്റ്റും കടന്ന് ധാക്കയിലേക്ക് പോകാം.

## മേരാ നാം നദീം ഹുസൈൻ ഖാൻ

കൊൽക്കത്തയിൽനിന്ന് കാഞ്ചൻജംഗ എക്സ്പ്രസിൽ ഗുവാഹതിയിലേക്കുള്ള യാത്രയിൽ തൊട്ടടുത്തിരുന്നയാൾ ബംഗ്ലാദേശിയാണെന്ന് കുറെ കഴിഞ്ഞാണ് അറിയുന്നത്. ബരിസാൽ ഭോല സ്വദേശിയായ നദീം ഹുസൈൻ ഖാൻ നടനും മോഡലുമാണ്. ഔദ്യോഗികാവശ്യാർഥം ഗുവാഹതിയിൽ പോവുന്നു.

ധാക്കയിൽ നിന്ന് വിമാനമാർഗം കൊൽക്കത്തയിൽ. ദൗകിയിൽച്ചെന്ന് ബംഗ്ലാദേശികളെ കാണുകകൂടി യാത്രയുടെ ഉദ്ദേശ്യമാണെന്നറിയിച്ചപ്പോൾ അദ്ദേഹം ചിരിച്ചു. പിന്നെ അതിർത്തികളെപ്പറ്റി സംസാരിച്ചു.

അപ്പുറത്തും ഇപ്പുറത്തും ജീവിക്കുന്നവർ ഒരേ ഭാഷയായിരിക്കും സംസാരിക്കുന്നത്. ഭക്ഷണവും ഒന്നുതന്നെ. നിറവും രൂപവുമൊക്കെ ഒരുപോലിരിക്കും. പക്ഷേ, അടുത്തു ചെന്ന് കൈപിടിച്ച് സംസാരിക്കണമെങ്കിൽ രണ്ടിലൊരാൾക്ക് വിസയും പാസ്പോർട്ടും വേണം. കാവൽക്കാരുടെ പരിശോധനകൾക്ക് വിധേയമാവണം. ദൗകിയിലെ സൗഹൃദക്കാഴ്ചകൾപോലും ഇല്ലാതാകാൻ ഇനി അധികനാളില്ല. ●



ബംഗ്ലാദേശി കച്ചവടക്കാർ




തമാബിൽ ചെക് പോസ്റ്റ്




ബി.എസ്.എഫ് പോയൻറ്



ബംഗ്ലാദേശ് വിനോദ സഞ്ചാരികൾ ജാഫ് ലോങ് സീറോ പോയൻറിൽ




ജാഫ് ലോങ് സീറോ പോയൻറിൽ ബംഗ്ലാദേശികളുടെ കടകൾ



വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.
whatsapp: 9645006105, e-mail: varadyam@madhyamam.in
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്,പി.ഒ. കോഴിക്കോട് -12

ജീവിതം

# ശലഭച്ചിറകുള്ള പെൺകുട്ടി



**ചെറുപ്പത്തിൻെറ കളിചിരികൾ നഷ്ടമായവൾ. അതിലൊന്നും അടയിരിക്കാതെ ജീവിതത്തിൻെറ ആഹ്ലാദം തേടി അവൾ നടന്നു. ഒടുവിൽ ഒരു തീരത്തണഞ്ഞു -വാക്കുകളിൽ സ്വപ്നം പൂക്കുന്നിടത്ത്. ജീവിതമേൽപിച്ച പരിക്കുകളിൽനിന്ന് ചിലതെല്ലാം വീണ്ടെടുക്കാനുള്ള മോഹത്തോടെ ആ തീരത്തിരുന്നവൾ എഴുതി. നഷ്ടങ്ങളും സ്വപ്നങ്ങളും അപ്പോൾ കവിതയായി വിരിഞ്ഞു**



അസ്സലാം പി.

എഴുതിയെഴുതി സ്വയമൊരു കാവ്യമായി മാറിയവൾ. കവിത കൊണ്ട്, എഴുത്തുകൊണ്ട് ജീവിതത്തിൻെറ ആഹ്ലാദം കണ്ടെത്തുന്ന പെൺകുട്ടി. ഫർസാനയെക്കുറിച്ച് ഇങ്ങനെ പറഞ്ഞു തുടങ്ങാം. അസാധാരണത്വങ്ങളൊന്നുമില്ലാത്ത ജീവിതം സ്വപ്നങ്ങളെക്കൊണ്ട് പൂരിപ്പിക്കുന്നവളെന്നും. ഫർസാനക്ക് ചുറ്റും വെളിച്ചം മാത്രമേയുള്ളൂ. ചിരികൊണ്ട്, വാക്കുകൊണ്ട് പ്രകാശം വിതറുന്നവൾ.

ജീവിതം വേദനകളുടെ സമാഹരണമാക്കി ദുഃഖങ്ങളുടെ കൂട്ടിൽ തനിച്ചിരിക്കാൻ ഫർസാനക്ക് സാഹചര്യങ്ങൾ ഏറെയാണ്. വിശാലമായ ലോകം, വിദ്യാലയാനുഭവങ്ങൾ, ചെറുപ്പത്തിൻെറ കളിചിരികൾ എന്നിവ നഷ്ടമായവൾ. അതിലൊന്നും അടയിരിക്കാതെ ജീവിതത്തിൻെറ ആഹ്ലാദം തേടി അവൾ നടന്നു. മൗനം പുണർന്നുകിടന്ന നൊമ്പരങ്ങളെല്ലാം കൂട്ടിവെച്ചു. ഒടുവിൽ ഒരു തീരത്തണഞ്ഞു -വാക്കുകളിൽ സ്വപ്നം പൂക്കുന്നിടത്ത്. ജീവിതമേൽപിച്ച പരിക്കുകളിൽനിന്ന് ചിലതെല്ലാം വീണ്ടെടുക്കാനുള്ള മോഹത്തോടെ ആ തീരത്തിരുന്നവൾ എഴുതി. നഷ്ടങ്ങളും സ്വപ്നങ്ങളും അപ്പോൾ കവിതയായി വിരിഞ്ഞു.

ഫർസാനയുടെ പുസ്തകം 'മൗനം പുണർന്ന ശലഭച്ചിറകുകൾ' ഡിസംബറിൽ പുറത്തിറങ്ങി. പ്രകാശനം നിർവഹിച്ചത് അവൾക്കേറെ പ്രിയപ്പെട്ട സാമൂഹിക പ്രവർത്തക ദയാബായിയും തിരക്കഥാകൃത്ത് ഇഖ്ബാൽ കുറ്റിപ്പുറവും ചേർന്ന്. മുതിർന്ന മാധ്യമപ്രവർത്തകരായ ഒ. അബ്ദുറഹ്മാൻ, ഒ. അബ്ദുല്ല, പി.ടി. നാസർ, മന്ത്രി കെ.ടി. ജലീൽ, ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, മുനവ്വറലി ശിഹാബ് തങ്ങൾ, ടി. ആരിഫലി, പ്രഫ.സിദ്ദീഖ് ഹസൻ, എഴുത്തുകാരായ പി. സുരേന്ദ്രൻ, ഹമീദ് ചേന്ദമംഗലൂർ, എം.എം. നാരായണൻ, ഷൗകത്ത്, ഗീത ഗായത്രി, കാർട്ടൂണിസ്റ്റ് ഇ. സുരേഷ്, ഗായകൻ ഷഹബാസ് അമൻ തുടങ്ങിയവർ സാക്ഷികളായ ചടങ്ങ്. 18കാരിയുടെ ആദ്യ കവിത പുസ്തകത്തിൻെറ പ്രകാശനത്തിന് ഇവരെല്ലാം ഒരുമിച്ചതിൻെറ പ്രാധാന്യം ഫർസാനയുടെ ജീവിതം പറയും.

■

സെറിബ്രൽപാഴ്സി ഇടതുകൈയും കാലുകളും തളർത്തി ഫർസാനയെ ജന്മനാ വീൽചെയറിലാക്കി. മറ്റു കുട്ടികളെപ്പോലെ ഫർസാന പിച്ചവെച്ചില്ല. വീടിനുചുറ്റും ഓടിയില്ല. മുറ്റത്ത് കളികളിലൊന്നും ഏർപ്പെട്ടില്ല. ആശുപത്രികളിലേക്കുള്ള യാത്രയിൽ വാഹനത്തിനരികിലൂടെ നീങ്ങിമായുന്ന പുറംകാഴ്ചകൾമാത്രം. കുറ്റിപ്പുറം കഴുത്തല്ലൂരിലെ വീട്ടിലിരുന്നാൽ തൊട്ടടുത്ത സ്കൂളിലെ ബഹളങ്ങൾ കേൾക്കാം. കാതോർത്താൽ ക്ലാസ്മുറികളിലെ അധ്യാപനങ്ങളും. വീട്ടിൽ ചക്രക്കസേരയിലും കിടക്കയിലുമായി ഫർസാന അവയെല്ലാം കേട്ടിരുന്നു. അങ്ങനെയിരിക്കെ അഞ്ചാം വയസ്സിൽ ഫർസാനക്കും മോഹമുണ്ടായി. സ്കൂളിൽ പോകണം, അക്ഷരം പഠിക്കണം. പക്ഷേ എങ്ങനെ! മോഹങ്ങൾ ചക്രക്കസേരകൾക്ക് ചുറ്റും കറങ്ങി. എൻ.ഐ.യു.പി സ്കൂളിലെ അധ്യാപകർ അതിന് പരിഹാരവുമായെത്തി. സ്കൂളിൽ ചേരുക, വീട്ടിലിരുന്ന് പഠിക്കുക. അയൽവാസി റസീന ടീച്ചർ അങ്ങനെ ആദ്യ ഗുരുവായി. വീടിൻെറ ഉമ്മറത്തിരുന്ന് ഫർസാന പഠിപ്പുതുടങ്ങി. മൂന്നാം ക്ലാസ് മുതൽ മറ്റൊരു അയൽക്കാരി മുംതാസാണ് ടീച്ചർ. വാർഷിക പരീക്ഷക്ക് അധ്യാപകർ ചോദ്യം വീട്ടിലെത്തിക്കും. ഫർസാന ഉത്തരം പറയും. താഴ്ന്ന ക്ലാസിൽ പഠിക്കുന്നയാൾ അത് പകർത്തി അധ്യാപകർക്ക് തിരിച്ചെത്തിക്കും. അങ്ങനെ കഴിഞ്ഞ വർഷം ഫർസാന പത്താംക്ലാസ് ജയിച്ചു. ഇപ്പോൾ പ്ലസ് വൺ ഹ്യുമാനിറ്റീസ് വിദ്യാർഥി.

■

അക്ഷരം അറിഞ്ഞതുമുതൽ ഫർസാന എഴുതി തുടങ്ങിയതാണ്. പലയിടങ്ങളിലായി കുറിച്ചിട്ട ആ വരികളിൽ കവിതയുണ്ടെന്ന് കണ്ടെത്തിയത് വീട്ടിൽ പതിവായെത്തുന്ന ബി.ആർ.സിയിലെ രേഖ ടീച്ചർ. ഫർസാനയുടെ ജീവിതവും എഴുത്തും അങ്ങനെ വാർത്തയായി. കുറ്റിപ്പുറം ഷെൽട്ടർ പാലിയേറ്റിവ് പ്രവർത്തകർ വീട്ടിലെത്തി തുടങ്ങിയതോടെ ജീവിതം ആകെ മാറി. നിറയെ കൂട്ടുകാരെ കിട്ടി. അവർ ആവോളം സ്നേഹം വിളമ്പി. ആ കൂട്ടത്തിൽ കുറ്റിപ്പുറത്തെ ഫാത്തിമ നസ്റിനുമുണ്ടായിരുന്നു. ഇരുവരും പെട്ടന്നുതന്നെ പ്രിയപ്പെട്ടവരായി. കൂട്ടുകാരിക്ക് പ്രിയമായതെന്തെങ്കിലും കരുതിവെക്കണമെന്ന് ഫാത്തിമ നസ്റിന് അകമേ കുറിച്ചിട്ടു. ഷെൽട്ടർ വഴിയൊരുക്കിയപ്പോൾ ഫർസാന വീടിന് പുറത്തെ ലോകവും, ജീവിതവും കണ്ടുതുടങ്ങി. എഴുത്തുകളിൽ കൂടുതൽ നിറങ്ങൾ വന്നുചേർന്നു.

കവിതകൾ ചേർത്തുവെച്ച് പുസ്തകമാക്കാം എന്ന ആശയം മുന്നോട്ടുവെച്ചതും കുറ്റിപ്പുറത്തെ ആ കൂട്ടായ്മയാണ്. നിയതം ബുകസ് അതേറ്റെടുത്തു. അങ്ങനെ ഫർസാനയുടെ കവിതകൾ 115 പേജുള്ള പുസ്തകമായി. ജീവിതം പറയാൻ ബാക്കിവെച്ചതും, സ്വപ്നങ്ങളിൽ വന്ന് നൊമ്പരപ്പെടുത്തിയതുമായ 96 കവിതകളുടെ സമാഹാരം. പുസ്തക പ്രകാശനവേദിയും കുറ്റിപ്പുറത്തുകാർ ഒരുക്കി. കൂട്ടുകാരി ഫാത്തിമ നസ്റിൻെറയും അയാസിൻെറയും വിവാഹ ദിവസം. സാമൂഹിക പ്രവർത്തകനായ നജീബ് കുറ്റിപ്പുറം മകളുടെ വിവാഹവേദിയിൽ അതിനുകൂടി സൗകര്യം ഒരുക്കി. ഫാത്തിമ നസ്റിനും, ഫർസാനക്കും അത് ഇരട്ടിമധുരമായി. വിവാഹവേദി ഉത്തമമായൊരു മാതൃകയും.

പരസഹായമില്ലാതെ ഫർസാനക്ക് ചലിക്കാനാകില്ല, പക്ഷേ, സ്വപ്നങ്ങൾ അതിനും മുകളിൽ പറക്കുന്നു, ലക്ഷ്യങ്ങളിൽ തൊടുന്നു. ശരിക്കും, ഫർസാന ശലഭച്ചിറകുള്ള പെൺകുട്ടിയല്ലേ.

• ചിത്രം: നാസി അബ്ദുൽ നാസർ നിധിൻ റെഡ്മാർക്ക്




സാമൂഹിക പ്രവർത്തക ദയാബായിയും തിരക്കഥാകൃത്ത് ഇഖ്ബാൽ കുറ്റിപ്പുറവും 'മൗനം പുണർന്ന ശലഭച്ചിറകുകൾ' പ്രകാശനച്ചടങ്ങിൽ ഫർസാനക്കൊപ്പം

സിനിമ

# അടയാളങ്ങൾ തേടുന്നവർ

വി.ആർ. വിഷ്ണുപ്രസാദ്

**കൂടപ്പിറപ്പുകൾ സർക്കാർ നൽകിയ പണംവാങ്ങി മറുകര തേടിയിട്ടും സ്വന്തംമണ്ണ് വിട്ടുപോകാതെ ചെറുത്തുനിൽക്കാൻ ശ്രമിച്ച പിതാവിൻെറയും അതിൽ രോഷവും നിരാശയും നിറഞ്ഞ മകൻെറയും കഥയാണിത്. ഇരുവരുടെയും ജീവിതത്തിലൂടെ പ്രകൃതിക്കുനേരെ നടക്കുന്ന കടന്നുകയറ്റങ്ങളെ രാഷ്ട്രീയമായി ചോദ്യംചെയ്യുകയാണ് സിനിമ**




പോസ്റ്റർ

വെട്ടിമാറ്റപ്പെടുമ്പോഴും വേരുകളാഴ്ത്തി മണ്ണിനെ മുറുകെപ്പിടിക്കുന്ന മനുഷ്യമനസ്സിൻെറ പ്രകൃതം സൃഷ്ടിക്കുന്ന പ്രകമ്പനങ്ങളെ അളന്നെടുക്കുകയാണ് റിക്ടർ സ്കെയിൽ 7.6. ഭൂമിയുടെ പ്രകമ്പനങ്ങളെ അളന്നെടുക്കുന്ന അളവുകോലാണ് റിക്ടർ സ്കെയിൽ. ആ ഉപകരണം ഉപയോഗിച്ച് മാനസിക സംഘർഷങ്ങളെ അളക്കാൻ കഴിയുമോ? കഴിയും എന്ന് തെളിയിച്ചിരിക്കുകയാണ് കെ.ജെ. ജീവ എന്ന സംവിധായിക തൻെറ ആദ്യ ചലച്ചിത്ര സംരംഭത്തിലൂടെ. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസനത്തിൽ കുടിയൊഴിപ്പിക്കപ്പെടുന്ന അനേകായിരങ്ങളുടെ കഥയാണിത്. ഇത്തരത്തിൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ അധികവും ദലിതരും സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരുമാണ്. അവർ തന്നെയാണ് വികസനത്തിൻെറ ഇരകളും. അവരുടെ പക്ഷം ചേർന്ന് ദലിത് പശ്ചാത്തലത്തിലൂന്നിയാണ് സിനിമ അവതരിപ്പിക്കുന്നത്.

കൂടപ്പിറപ്പുകൾ സർക്കാർ നൽകിയ പണം വാങ്ങി മറുകര തേടിയിട്ടും സ്വന്തംമണ്ണ് വിട്ടുപോകാതെ ചെറുത്തുനിൽക്കാൻ ശ്രമിച്ച പിതാവിൻെറയും അതിൽ രോഷവും നിരാശയും നിറഞ്ഞ മകൻെറയും കഥയാണിത്. ഇരുവരുടെയും ജീവിതത്തിലൂടെ പ്രകൃതിക്കുനേരെ നടക്കുന്ന കടന്നുകയറ്റങ്ങളെ രാഷ്ട്രീയമായി ചോദ്യംചെയ്യുകയാണ് സിനിമ. ഭ്രാന്തനായ (സ്വയം ഭ്രാന്ത് സ്വീകരിച്ചിരിക്കുന്ന) പിതാവിൻെറ ചെയ്തികളിൽ അസംതൃപ്തനായ മകൻ തൻെറ ചുറ്റുപാടുകളെ ശപിച്ച് സദാ കലഹിക്കുകയാണ്. അത് നഷ്ടപ്പെട്ടവൻെറ, എങ്ങും എത്താത്തവൻെറ, അടിച്ചമർത്തപ്പെട്ടവൻെറ വേദനയാണ്. ആ വേദനയും ആത്മസംഘർഷങ്ങളുമാണ് റിക്ടർ സ്കെയിൽ ഉപയോഗിച്ച് സംവിധായിക രേഖപ്പെടുത്താൻ ശ്രമിച്ചിരിക്കുന്നതും.

സംവിധായിക കെ.ജെ. ജീവ



വലിയ വേലിയാൽ ചുറ്റപ്പെട്ട ഓലമേഞ്ഞ കുടിലിനുള്ളിൽ മാത്രം ഒതുങ്ങിയാണ് കഥ വികസിക്കുന്നത്. ആ ഒതുക്കിനിർത്തൽ മനഃപൂർവമായിരുന്നുവെന്ന് തെളിയുന്നത് ചിത്രത്തിൻെറ അവസാനഭാഗത്താണ്. കുടിലിനുള്ളിൽനിന്ന് കാമറ പുറത്തേക്ക് സഞ്ചരിക്കുന്നതോടെ സിനിമക്ക് രാഷ്ട്രീയമാനം കൈവരുന്നു.

പ്രകൃതിചൂഷണത്തിൻെറ നേർചിത്രം അവിടെ വ്യക്തമാകുന്നു. ഒരൊറ്റ രംഗത്തിലൂടെ സിനിമക്ക് അതിൻെറ പൂർണമായ രാഷ്ട്രീയം പറയാൻ സാധിച്ചുവെന്നിടത്താണ് കെ.ജെ. ജീവ എന്ന സംവിധായികയുടെ വിജയം.

അശോകൻ പെരിങ്ങോടും മുരുകൻ മാർട്ടിനുമാണ് പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. രണ്ടു കഥാപത്രങ്ങളിലൂടെ മാത്രം മുന്നോട്ടുപോകുന്നതെങ്കിലും ഒട്ടും മുഷിപ്പുണ്ടാകാതെ ലക്ഷ്യം പൂർത്തീകരിക്കാൻ സംവിധായികക്കായി. ഫോക്‌ലോർ അക്കാദമി മുൻ ചെയർമാൻ സി.ജെ. കുട്ടപ്പൻെറ പാട്ടുകളും നിശാന്ത് പുന്നാട്ടിൻെറ പശ്ചാത്തല സംഗീതവും ചലച്ചിത്രത്തിൻെറ ഒഴുക്കിനെ സുഗമമാക്കി. ഫേസ്ബുക്ക് കൂട്ടായ്മയായ 'ഫസ്റ്റ് നേഷൻ കമ്പയിൻസ്', പാലക്കാട് എൻ.എസ്.എസ് എൻജിനീയറിങ് കോളജിലെ പൂർവവിദ്യാർഥി കൂട്ടായ്മയായ 'കാമ്പസ് ഓക്സ്' എന്നിവയുടെ സഹകരണത്തോടെയാണ് സിനിമ നിർമിച്ചിരിക്കുന്നത്.

സ്വതന്ത്ര സിനിമയെന്ന ആശയത്തിലൂന്നി സി.ഡി. സജിത്ത് കുമാറും ജി.എസ്. ഷാജിയുമാണ് കൂട്ടായ്മക്ക് പിന്നിൽ. പത്ത് ദിവസം കൊണ്ട് ചിത്രീകരണം പൂർത്തിയാക്കിയെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് തുടർപ്രവർത്തനങ്ങളെ ബാധിച്ചിരുന്നു. തുടർന്നാണ് കാമ്പസ് ഓക്സ് കൂടി നിർമാണത്തിൽ പങ്കാളിയായത്.

2016ൽ ഞാവൽപഴങ്ങൾ എന്ന ഹ്രസ്വചിത്രവും ഈ കൂട്ടായ്മയിൽനിന്ന് പിറവിയെടുത്തിട്ടുണ്ട്. ജീവ തന്നെയായിരുന്നു ഞാവൽപഴങ്ങളുടെയും സംവിധായിക. ദൃശ്യമാധ്യമ രംഗത്ത് ബിരുദ പഠനം പൂർത്തിയാക്കിയ ജീവ തൃശൂർ സെൻറ് തോമസ് കോളജിലെ സെൻറർ ഫോർ മീഡിയ സ്റ്റഡീസിലെ അധ്യാപികയായിരുന്നു. ശേഷമാണ് സംവിധാന രംഗത്തേക്ക് കടന്നത്. കെ. രജികുമാർ, രാജേഷ് എന്നിവരുടെ കഥക്ക് രജികുമാറാണ് റിക്ടർ സ്കെയിൽ 7.6ൻെറ തിരക്കഥ എഴുതിയിരിക്കുന്നത്. കാമറ സുജിത്ത് ലാലും എഡിറ്റിങ് സുജിത്ത് സഹദേവും കലാസംവിധാനം നന്ദുവും നിർവഹിച്ചിരിക്കുന്നു. അതിജീവനത്തിൻെറ കഥപറയുന്ന 72 മിനിറ്റ് ദൈർഘ്യമുള്ള സിനിമ കഴിഞ്ഞ ഡിസംബറിൽ തിരുവനന്തപുരത്ത് നടന്ന കാഴ്ച ഇൻഡീ ചലച്ചിത്രമേളയിൽ ഉൾപ്പെടെ നിരവധി വേദികളിൽ പ്രദർശിപ്പിച്ചു. വൈകാതെ തിയറ്ററിൽ എത്തിക്കാനുള്ള നീക്കത്തിലാണ് അണിയറപ്രവർത്തകർ. ●

## കത്തുകൾ

### വേറിട്ട സാമൂഹികപാഠം

വി. മുസഫർ അഹമ്മദിൻെറ 'മൊറോങ്ങിലെ കുട്ടികൾ'-ലക്കം 1546 ഹൃദ്യമായിരുന്നു. നമുക്ക് പരിചിതമല്ലാത്ത ജീവിതക്കാഴ്ചകൾ അറിയാനും വായിക്കാനും വലിയ കൗതുകമാണ്. നമ്മൾ അനുഭവിച്ചുപോരുന്ന സാമൂഹികക്രമത്തിൽനിന്ന് തികച്ചും ഭിന്നമായ, ഒരർഥത്തിൽ നമ്മുടേതിനേക്കാൾ പരിഷ്കൃതവും പുരോഗമനപരവുമായ ജീവിതങ്ങൾ നമ്മുടെ രാജ്യത്തെ ഗ്രാമങ്ങളിൽ ഉണ്ട് എന്ന തിരിച്ചറിവാണ് ഈ ലേഖനം.
മോഹനൻ വി. ചിറപ്പള്ളി, ചാവക്കാട്

### മൊറോങ്ങിലെ കുട്ടികൾ

നാഗകളുടെ ഭൂമിയിലൂടെ നടത്തിയ യാത്രയിൽ നാഗ ഗ്രാമങ്ങളിൽ കുട്ടികൾ ചേക്കേറുന്ന ചില്ലകൾ കണ്ടു(മൊറോങ്ങിലെ കുട്ടികൾ-ലക്കം 1546). മൊറാങ്ങിലെ കുട്ടികൾക്ക് കഥ പറഞ്ഞുകൊടുക്കാൻ കൂടാരങ്ങളിൽ അന്തിയുറങ്ങുന്ന മുത്തശ്ശിമാരുണ്ടാവും, നാഗ ഗ്രാമങ്ങളിലെ കുട്ടികൾക്ക് നാഗന്മാരുടെ ചരിത്രവും, പോരാട്ടവും, കാർഷിക ജീവിതത്തിൻെറ നന്മയും പഠിക്കാനും ഐക്യത്തോടെ ജീവിക്കാനും മൊറാങ് ഒരു പാഠശാലയാണ്.
നാസിർ ചെറുവാടി, പാറപുറത്ത്, ചെറുവാടി, മുക്കം

### മികച്ച വായന



ജനുവരി 14ലെ വാരാദ്യമാധ്യമത്തിലെ ഷഹന ഹുസൈൻെറ 'അവസാനിക്കാത്ത പാളങ്ങൾ' വേറിട്ട ഒരു വായനാനുഭവമായി. പെൺശലഭങ്ങളുടെ കാഴ്ചകളിലൂടെയും കേൾവികളിലൂടെയുമായിരുന്നു ആ യാത്ര. കൃഷ്ണഗുഡിയിലെ ഒരു പ്രണയകാലത്ത് എന്ന സിനിമയിലെ പിന്നെയും പിന്നെയും എന്ന ഗാനം ചിത്രീകരിച്ച വഴിയിലൂടെയുള്ള യാത്രയും ഒന്നിച്ചപ്പോൾ അതിഹൃദ്യമായി. വാരാദ്യമാധ്യമത്തിനും 'ഷഹന ഹുസൈനും അഭിനന്ദനങ്ങൾ.
അബ്ദുറഹീം കെ.എൻ.ടി

### മൊറോങ്ങിലെ സംഘജീവിതം

അധ്വാനശീലവും ജീവിതത്തിൽ സ്വയംപര്യാപ്തതയും നേടി എടുക്കാനുതകുന്ന സംഘജീവിതം നയിക്കുന്ന നാഗകളെ കുറിച്ച് അനുഭൂതിദായകമായ യാത്ര കാഴ്ചകൾ വായനക്കാരിൽ എത്തിച്ച വാരാദ്യമാധ്യമത്തിനും ലേഖകനും അഭിനന്ദനങ്ങൾ. കേരളത്തിന് അന്യമായിക്കൊണ്ടിരിക്കുന്ന മുത്തശ്ശി -മുത്തച്ഛന്മാരുടെ സാമീപ്യവും അവരുടെ കഥകളും പഴയ ചരിത്രങ്ങളും കേട്ടു അന്തി ഉറങ്ങാനാകുന്ന സന്തോഷ സാഹചര്യം നമ്മുടെ കുട്ടികൾക്കും ആഗ്രഹിച്ച് പോകുന്നു.
മിർസാഹിദ് യു.കെ മഞ്ചേശ്വരം

### ഓർമയിൽ എന്നെന്നും നിലനിൽക്കും

വാരാദ്യ മാധ്യമം ലക്കം 1546 ൽ പ്രസിദ്ധീകരിച്ച 'മൊറോങ്ങിലെ കുട്ടികൾ' എന്ന ഫീച്ചർ വളരെ രസകരവും വിജ്ഞാനപ്രദവുമായിരുന്നു. നാഗ ദമ്പതികളുടെ കുട്ടികളുടെ കഥ കൗതുകമുണർത്തുന്നതായിരുന്നു. ഇത്തരം ഫീച്ചറുകൾ ഇനിയും പ്രതിക്ഷിക്കുന്നു. ലേഖകനും വാരാദ്യമാധ്യമത്തിനും അഭിനന്ദനങ്ങൾ.
ടി. മുഹമ്മദലി, മങ്ങാട്

### രക്ഷാഹസ്തം



വാരാദ്യമാധ്യമം ലക്കം 1545 ൽ പ്രസിദ്ധീകരിച്ച രക്ഷാഹസ്തം വായിച്ചു. മുങ്ങിമരണത്തിൻെറ ആഴം നേർക്കുനേർ കാണുന്ന നിരവധി പേരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്ന രാമകൃഷ്ണൻ എന്ന ഓട്ടോ ഡ്രൈവറെ പരിചയപ്പെടാൻ അതിലൂടെ സാധിച്ചു.
സതീശൻ മുപ്പള്ളി,
കൊറ്റാളി, കണ്ണൂർ

i

### കെ. സുരേന്ദ്രൻ നോവൽ അവാർഡ്

ഓച്ചിറ ശ്രീനാരായണ കർമവേദിയുടെ മൂന്നാമത് കെ. സുരേന്ദ്രൻ നോവൽ അവാർഡിന് കൃതികൾ ക്ഷണിക്കുന്നു. 2015, 16, 17 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധപ്പെടുത്തിയ മലയാള നോവലുകളാണ് പരിഗണിക്കുന്നത്. 25,001രൂപയും ശിൽപവും അടങ്ങുന്നതാണ് അവാർഡ്. പുസ്തകത്തിൻെറ രണ്ട് പ്രതികളോടൊപ്പം ഫെബ്രുവരി 28ന് മുമ്പ് പ്രഫ.ജി. സുശ്രുതൻ, പ്രസിഡൻറ്, ശ്രീനാരായണ കർമവേദി, പായിക്കുഴി, ഓച്ചിറ പി.ഒ, പിൻ: 690526 (ഫോൺ: 9744159886) എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

### ചലച്ചിത്ര അക്കാദമി ഫെലോഷിപ്

2018ൽ 90 വർഷം പൂർത്തിയാക്കുന്ന മലയാള സിനിമയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഏർപ്പെടുത്തിയ ഫെലോഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു. മലയാള സിനിമയുടെ ചരിത്രവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തി ആറുമാസ കാലയളവിനുള്ളിൽ പ്രബന്ധങ്ങൾ സമർപ്പിക്കുന്നവർക്ക് 50,000 രൂപയുടെ ഫെലോഷിപ് നൽകും. അപേക്ഷകർക്ക് പ്രായപരിധിയില്ല. മലയാള സിനിമയുടെ നിർമാണം, വിതരണം, പ്രദർശനം, രാഷ്ട്രീയ/സാംസ്കാരികമാനങ്ങൾ, ഫോട്ടോകൾ, നോട്ടിസുകൾ, പാട്ടുപുസ്തകങ്ങൾ എന്നിവയിലൂടെയുള്ള ചലച്ചിത്രചരിത്രത്തിൻെറ ദൃശ്യപരമായ ഡോക്യുമെൻേറഷൻ എന്നിങ്ങനെ വിവിധ മേഖലകളിൽ ഗവേഷണം നടത്താനുദ്ദേശിക്കുന്നവർ അഞ്ചു പുറത്തിൽ കവിയാത്ത വിശദമായ സിനോപ്സിസ് 2018 ഫെബ്രുവരി 15നകം കിട്ടത്തക്ക വിധം സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, ശാസ്തമംഗലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ അയച്ചിരിക്കണം. സിനോപ്സിസിൻെറ മൂല്യനിർണയത്തിൻെറയും അഭിമുഖത്തിൻെറയും അടിസ്ഥാനത്തിൽ 10 പേർക്കാണ് ഫെലോഷിപ് അനുവദിക്കുക.

### പുനലൂർ ബാലൻ കവിതാ പുരസ്കാരം

പുനലൂർ താലൂക്ക് ലൈബ്രറി കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള പുനലൂർ ബാലൻ കവിതാ പുരസ്കാരത്തിന് കവിതകൾ ക്ഷണിക്കുന്നു. 2017 മാർച്ച് 31ന് മുപ്പത് വയസ്സ് കഴിയാത്തവർക്ക് കവിത അയക്കാം. പ്രസിദ്ധീകരിക്കാത്ത ഒറ്റക്കവിത (മൂന്ന് പകർപ്പ്), പ്രായം തെളിയിക്കുന്ന രേഖസഹിതം ഫെബ്രുവരി 20ന് മുമ്പ് ലഭിക്കണം. പ്രഫ.പി. കൃഷ്ണൻ കുട്ടി, സെക്രട്ടറി, താലൂക്ക് ലൈബ്രറി കൗൺസിൽ, ലൈബ്രറി കൗൺസിൽ ഓഫിസ്, രണ്ടാം നില, മുനിസിപ്പൽ ബിൽഡിങ്, കെ.എസ്.ആർ.ടി.സി ജങ്ഷൻ, പുനലൂർ പി.ഒ. കൊല്ലം 691305, ഫോൺ: 9447864999.

കഥ

# വിളവെടുപ്പ്



● ചിത്രീകരണം: കെ. നിസാർ

എൻ. അബ്ദുൽ ഗഫൂർ

പാടത്തെ നീളിക്കണ്ടത്തിൽനിന്നും നേന്ത്രക്കുലകൾ വെട്ടി, അത് ഗുഡ്സിലേക്ക് കയറ്റാൻ ഡ്രൈവർ പയ്യനെ സഹായിക്കുന്നതിനിടയിലാണ് കുനിയൻ ഗോപാലൻ ആടുകളെയും കൊണ്ട് കലങ്കോടൻ കുന്നിറങ്ങി വരുന്ന ചൂര് മുഹമ്മദ്ക്കാക്ക് കിട്ടിയത്.

"വെളവ് കൊറവാണല്ലോ മയമ്മാക്കാ, എന്തര് വെളവ്ണ്ടൈന്ന്യ കണ്ടാണിത്...! " ഗോപാലൻ പറഞ്ഞു. തലയുയർത്തി നോക്കിയ മുഹമ്മദ്ക്കയുടെ നരച്ച കണ്ണുകളിൽ നേർത്തൊരു പുഞ്ചിരി തളർന്നു:

"എന്ത് ചെയ്യാനാ ഗോവാലാ, വളമിട്ട് നനച്ച് കൊട്ക്കാനല്ലേ നമ്മക്ക് പറ്റ്വള്ളൂ...." വാപ്പ മരിച്ചപ്പോൾ മുഹമ്മദ്ക്കയുടെ ഓഹരിയായി കിട്ടിയതാണ് 50 സെൻേറാളം വരുന്ന ഈ നീളിക്കണ്ടം. കൊയ്തു കൂട്ടിയ കറ്റകൾ തല്ലി മെതിച്ച്, കലങ്കോടൻ കുന്നുപോലെ കൂട്ടിയിട്ട നെല്ല് പുഴുങ്ങി, ചാണകംതേച്ച പരമ്പിൽ പരത്തിയുണക്കി പഞ്ഞകാലത്തിലേക്കായി വല്ലക്കൊട്ടകളിൽ പാത്തുവെച്ചത് മനസ്സിൽനിന്നുപോലും മാഞ്ഞുതുടങ്ങിയിരിക്കുന്നു! ഇന്നവിടെ നെല്ലിനുപകരം വാഴയും പൂളയും ചേമ്പും ചേനയുമൊക്കെയാണ് സ്ഥാനംപിടിച്ചിരിക്കുന്നത്. പണിയെടുക്കാൻ ആളെക്കിട്ടാത്ത ഇക്കാലത്തും നീളിക്കണ്ടത്തിൽ പച്ചപ്പിങ്ങനെ തഴച്ചു പന്തലിച്ചു നിൽക്കുന്നത് നാട്ടുകാരിൽ ചിലർക്കൊക്കെ അത്ഭുതവും അസൂയയുമാണെന്ന് ഓർക്കുമ്പോൾ മുഹമ്മദ്ക്കയുടെ വരണ്ടചുണ്ടത്തൊരു നിർവൃതിയുടെ ചിരിവിരിയും. എങ്കിലും അധ്വാനത്തിന്റെ ഫലം വേണ്ടപോലെ തിരിച്ചു കിട്ടുന്നില്ലല്ലോ എന്ന ഒരു പുരുഷായുസ്സിന്റെ നൈരാശ്യം അദ്ദേഹത്തിന്റെ മുഖത്ത് ആരുമറിയാതെ കൂടുകെട്ടിയിരുന്നു.

"അല്ലാ, ങ്ങളെ മക്കളും പേരക്കുട്ട്യാളൊക്കെ എത്തീട്ട്ണ്ടല്ലോ പെരീല്, ഓരൊന്നും പാടത്ത്ക്ക് വന്നില്ലേ...?"

"ഓര്ക്ക് ഇതൊന്നും അറ്യൂല ഗോവാലാ, ഓരൊക്കെ പുതിയ കാലത്തെ മക്കളല്ലേ...!"

മുഹമ്മദ്ക്കയുടെ ചിന്തകളിൽ ഒരു വിളവെടുപ്പിന്റെ വിത്തുകൾ പാകിയിട്ടാണ് ഗോപാലൻ ആടുകളെയും തെളിച്ച് സ്ഥലം വിട്ടത്. വാഴക്കുല കയറ്റിയ ഗുഡ്സ് കണ്ണിൽനിന്നും മറഞ്ഞപ്പോൾ, തോർത്തുമുണ്ടൊന്നു ചുഴറ്റിവീശി തോളിലിട്ടുകൊണ്ട് വാഴത്തറയിൽ കുടചൂടി നിൽക്കുന്ന ചേമ്പിലച്ചോട്ടിലെ തണുത്ത മണ്ണിൽ അയാൾ അൽപനേരം ഇരുന്നു. നിവർന്നു തളർന്നു കിടക്കുന്ന വലതുകാലിലെ തള്ളവിരലിലേക്ക് വാഴച്ചാലിലെ നനഞ്ഞ മണ്ണിൽനിന്നും ഒരു മണ്ണിര പതിയെ തലയുയർത്തിവെച്ചു. മുട്ടിലിഴഞ്ഞുവന്ന്, തന്റെ പേരക്കുട്ടി കാലിൽ പിടിച്ചുകയറുന്നതാണ് അയാൾക്ക് ഓർമ വന്നത്. മണ്ണു പുരണ്ട് വിയർപ്പു തിളങ്ങുന്ന ദേഹത്ത്, ചേമ്പിലകൾക്കിടയിലൂടെ ഇളങ്കാറ്റുവന്നു മുത്തിയപ്പോൾ ഒരു ദീർഘനിശ്വാസത്തിനൊപ്പം അയാൾ ചിലതൊക്കെ ഓർത്തെടുത്തു.

17 വർഷത്തെ പ്രവാസം. മക്കളെയൊക്കെ ഒരു കരപറ്റിക്കാനും, നല്ലൊരു വീടുവെക്കാനും കഴിഞ്ഞതിന്റെ ചാരിതാർഥ്യമുണ്ട്. മൂത്ത മകനെ ഡോക്ടറാക്കി. നടുവിലത്തവനെ, അവന്റെ ഇഷ്ടപ്രകാരം ബംഗളൂരുവിൽ വിട്ട് കമ്പ്യൂട്ടർ സയൻസിൽ ബിരുദധാരിയാക്കി. ഇളയവളെ ഒരു മാനേജ്മെൻറ് സ്കൂളിൽ ടീച്ചറായി കയറ്റുകയും, അവൾക്ക് അനുയോജ്യനായൊരു അധ്യാപകനെക്കൊണ്ട് കെട്ടിക്കുകയും ചെയ്തു. ആൺമക്കളെക്കൊണ്ട് നല്ല തറവാട്ടിൽനിന്നും കല്യാണം കഴിപ്പിച്ച് അയാൾ അവരുടെ മക്കളുടെ ഗ്രാൻഡ്പയായി! സുഖം. സന്തോഷം.

പ്രവാസം അവസാനിപ്പിച്ച് നാട്ടിലെത്തിയപ്പോൾ, പാടത്തെ നനവുള്ള മണ്ണും, വാഴത്തോപ്പിലെ തണുത്ത കാറ്റും പിന്നെയും മാടിവിളിക്കുകയായിരുന്നു. അങ്ങനെയാണ് കൈക്കോട്ടുമെടുത്ത് വീണ്ടും നീളിക്കണ്ടത്തിലേക്കിറങ്ങിയത്. മക്കൾക്കൊന്നും അത്ര പിടിച്ചിട്ടില്ലെന്ന് അയാൾക്കും നിശ്ചയമുണ്ട്.

ഗോപാലൻ പാകിയിട്ടുപോയ വിളവെടുപ്പിന്റെ വിത്ത് അയാൾക്കുള്ളിൽ ഒരു കണക്കെടുപ്പായി മുളച്ചപ്പോൾ, വാഴത്തറയിലെ ഈറൻ മണ്ണിലിരുന്നുകൊണ്ട്, ഉയരുന്ന ബീഡിപ്പുകയുടെ വലയങ്ങൾ അയാളുടെ ചിന്തകളിലും വട്ടമിട്ടു.

തോർത്തുമുണ്ട്, ഒന്നു കുടഞ്ഞ് തോളിലിട്ടുകൊണ്ട് വീട്ടിലേക്ക് നടക്കുമ്പോൾ, എവിടെയോ ഒരു ന്യൂനതയുടെ അസ്വാസ്ഥ്യം അയാളെ മഥിച്ചുകൊണ്ടിരുന്നു.

ഭാര്യയെയും മക്കളെയും മരുമക്കളെയും പേരക്കുട്ടികളെയുമൊക്കെ ജീവനാണ് അയാൾക്ക്. അവർക്ക് തിരിച്ചും അങ്ങനെത്തന്നെ. എന്നിട്ടും എന്തോ ഒരു...

കഴിഞ്ഞ പ്രാവശ്യം മകൻ ബംഗളൂരുവിൽനിന്ന് കൊണ്ടുവന്ന വില കൂടിയ മൊബൈലാണ് ഇപ്പോഴും മണ്ണുപുരണ്ട കുപ്പായക്കീശയിലുള്ളത്. അതിൽ അത്യാവശ്യം വേണ്ടുന്ന കാര്യങ്ങളൊക്കെ പഠിച്ചെടുക്കാൻ അയാൾ തുടക്കത്തിൽ നന്നേ പാടുപെട്ടു.

"ഇതൊന്നും ഇനിക്കറ്യൂല മക്കളേ...!" അയാൾ പറഞ്ഞു.

"ഞങ്ങൾ നിങ്ങളെ പഠിപ്പിക്കും ഗ്രാൻപാ..!" പേരമക്കൾ വിട്ടുകൊടുത്തില്ല. വാട്സ്ആപ്പിൽ മെസേജ് അയക്കുന്നതും, ഫോട്ടോ അയക്കുന്നതുമൊക്കെ അവരാണ് അയാളെ പഠിപ്പിച്ചെടുത്തത്.

"ഇങ്ങളിതൊന്ന് കേട്ടോക്കാണീം...." ഹെഡ്സെറ്റ് ചെവിയിൽ വെച്ചുകൊടുത്ത് ഭാര്യ അയാളോട് പറഞ്ഞു. ചെവിയിൽ തിരുകിവെച്ച, കറിയിലിട്ട പാൽച്ചേമ്പിന്റെ വിത്തുപോലെയുള്ള വെള്ളക്കുരുവിൽ നിന്നും ജീവിതത്തിലാദ്യമായി അന്നയാൾ പാട്ടുകേട്ടു:

ഖൽബില് തേനൊയ്ക്ണ
കോയ്ക്കോട്
കടലമ്മ മുത്ത്ണ കര കോയ്ക്കോട്
ഹലുവാ മനസ്സുള്ളൊരീ
കോയ്ക്കോട്
വേണേൽ കണ്ടോളീം, ചങ്ങായീ
ഞമ്മളെ കോയ്ക്കോട്....

അയാൾക്കതൊരു ഹരമായി. തലയിളക്കി താളംപിടിച്ചുകൊണ്ട് അയാളൊരു പഴയ പാട്ടായി!.

മകന്റെ കൂട്ടുകാരനായ അയൽക്കാരൻ പയ്യൻ അവന്റെ കാറിൽ ചുംഎന്ന് അയാളെ കടന്നുപോയി. ജോലിയിൽനിന്നു പിരിഞ്ഞ പോസ്റ്റുമാൻ രാഘവൻ നായരുടെ വീട്ടുപടിക്കലെത്തിയപ്പോൾ, അയാളുണ്ട് വെളുത്ത വസ്ത്രമണിഞ്ഞ് വീട്ടിൽനിന്നിറങ്ങുന്നു.

"ഒരു മരണമുണ്ട് മുഹമ്മദേ, അവിടെയൊന്ന് പോണം...." കൈ നീട്ടിക്കൊണ്ട് രാഘവൻ നായർ പറഞ്ഞു.

"കൈയ്യിലൊക്കെ മണ്ണാണ് രാഘവാ..." പകുതിയോളം നീണ്ട കൈ ഒന്നു മടിച്ചു.

"ഈ മണ്ണല്ലേ മുഹമ്മദേ, നമ്മുടെയൊക്കെ ചോറ്..," മടിയൊട്ടുമില്ലാതെ ആ കൈ പിടിച്ചുകൊണ്ട് അയാൾ പുഞ്ചിരിച്ചു:

"കുട്ട്യോൾക്കൊക്കെ സുഖല്ലേ...?"

"അൽഹംദുലില്ലാഹ്..." അയാൾ പറഞ്ഞു.

നടന്ന് വീടെത്താറായപ്പോഴേക്കും അയാൾക്ക് നന്നേ ക്ഷീണം തോന്നി. തൊണ്ട നല്ലപോലെ വരണ്ട് ഒട്ടിപ്പിടിച്ചു.

പോർച്ചിൽ മകൻ വന്ന കാർ കിടക്കുന്നുണ്ട്. മകളും മരുമകനും പേരക്കുട്ടികളും വന്ന വാഹനവും തൊട്ടപ്പുറത്തുണ്ട്. പുറത്തൊന്നും ആരെയും കാണുന്നില്ല. വാതിൽ അടഞ്ഞു കിടക്കുന്നു.

അയാൾക്കറിയാം, അവരെല്ലാം ഇപ്പോൾ ഓരോ തുരുത്തുകളിൽ ആയിരിക്കും. ചെവിയിൽ ഹെഡ്ഫോണും വെച്ചുകൊണ്ട് ഭാര്യ അടുക്കളയിൽ ചപ്പാത്തി മേക്കറിൽ ചപ്പാത്തി വീർപ്പിച്ചെടുക്കുകയോ, ചിക്കൻ പൊരിക്കാനുള്ള മസാലക്കൂട്ട് തയാറാക്കുകയോ ആയിരിക്കും.

മക്കളും മരുമക്കളും, പേരക്കുട്ടികളും ഒക്കെ മൊബൈലിൽ ഗെയിം കളിക്കുകയോ, ചാറ്റ് ചെയ്യുകയോ ആയിരിക്കും. ഇപ്പോൾ വിളിച്ചാലോ, കാളിങ് ബെല്ലടിച്ചാലോ ആരും കേൾക്കാനിടയില്ലെന്ന് അയാൾക്ക് അനുഭവമുണ്ട്.

അയാൾ തന്റെ കീശയിൽനിന്ന് മൊബൈൽ ഫോണെടുത്ത്, വാഴക്കറപുരളാതെ ശ്രദ്ധിച്ചുകൊണ്ട്, വാട്സ്ആപ്പിലെ ഫാമിലി ഗ്രൂപ്പിൽ മലയാളത്തിൽ എഴുതാൻ തുടങ്ങി:

'ഞാനിവടെ, വീടിന്റെ പുറത്തുണ്ട്. എനിക്ക് ഒരു ഗ്ലാസ് വെള്ളം വേണം...'


തോളിലെ തോർത്ത് മുണ്ടെടുത്ത് കസേരയിൽ വിരിച്ചിട്ട്, മൊബൈലിന്റെ ചാറ്റ് ബോക്സിൽ നീല ടിക്കുകൾ വരുന്നതും നോക്കി അയാൾ പതിയെ ചാരുകസേരയിലേക്ക് ചാഞ്ഞു. ●

വായന

# ഉയരത്തിൽ പുനർജന്മം

സജിത ഗോപി

"പൂർണ മനസ്സോടെ ഒരു കാര്യം ആഗ്രഹിച്ചാൽ അത് നേടിയെടുക്കാൻ ലോകം മുഴുവൻ കൂടെയുണ്ടാകും" എന്ന പൗലോ കൊയ്ലോയുടെ വാചകം സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിച്ച് ക്ലീഷേ ആയി മാറിയിട്ടുണ്ട്. എങ്കിലും ചില ജീവിതങ്ങൾ ആദ്യം ഓർമപ്പെടുത്തുന്നത് പഴകിപ്പോയ ഈ പ്രയോഗംതന്നെയാണ്. സ്വപ്നം സാധ്യമാകുമെന്നുള്ള പ്രതീക്ഷയാണ് ജീവിതത്തെ ആസ്വാദ്യകരമാക്കുന്നത് എന്നെഴുതിയതും ആൽക്കമിസ്റ്റിന്റെ കഥാകാരൻതന്നെ. ലോകമെമ്പാടുമുള്ള എത്രയോ നിരാശരായ മനുഷ്യർക്ക് പ്രത്യാശ പകർന്നു നൽകിയതാണ് പൗലോ കൊയ്ലോയും ആൽക്കമിസ്റ്റും. ഭാവനയിൽ വിരിയുന്ന കഥകൾക്കപ്പുറത്ത് ജീവിതം കൊണ്ട് ഇത്തരം വലിയ പ്രതീക്ഷകൾ ലോകത്തിന് നൽകാൻ കഴിയുന്ന മനുഷ്യർ ഇതിഹാസങ്ങളാണ്. അസാധ്യമെന്ന് ലോകം മുഴുവൻ എഴുതിത്തള്ളിയ സ്വന്തം ലക്ഷ്യം ജീവൻ പണയംവെച്ച് കൈക്കുള്ളിലാക്കിയ 'അരുണിമ സിൻഹ' അത്തരമൊരു ഇതിഹാസത്തിന്റെ പേരാണ്. കൃത്രിമക്കാലുകളുമായി ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ എവറസ്റ്റ് കീഴടക്കിയ ആദ്യത്തെ വനിത. അരുണിമ സിൻഹയുടെ ആത്മകഥയുടെ മലയാള പരിഭാഷ്യമാണ് 'പർവതത്തിൽ പുനർജന്മം'. 'ആൽക്കമിസ്റ്റ്' എന്ന കൃതി മലയാളത്തിന് പരിചയപ്പെടുത്തിയ രമാ മേനോനാണ് കൃതിയുടെ വിവർത്തക.




**പർവതത്തിൽ പുനർജന്മം**
അരുണിമ സിൻഹ
വിവർത്തനം: രമാ മേനോൻ
പേജ്: 168
വില: 140 രൂപ
പ്രസാധകർ: റെഡ് റോസ് പബ്ലിഷിങ് ഹൗസ്

അസാധ്യമായത് ഒന്നും ഈ ലോകത്തില്ല എന്നത് വെറും ആലങ്കാരിക പ്രയോഗമല്ലെന്ന് തെളിയിച്ച അരുണിമ സിൻഹയുടെ ജീവിതം അക്ഷരാർഥത്തിൽ ഒരു പോരാട്ടം തന്നെയായിരുന്നു. ഈ ലോകത്ത് താനുമുണ്ടായിരുന്നു എന്ന് അടയാളപ്പെടുത്തേണ്ടതുണ്ട് ഓരോ മനുഷ്യനും. അരുണിമ സിൻഹയുടെ കൃത്രിമക്കാലുകൾ ചവിട്ടിക്കയറിയ ഉയരങ്ങൾ, അത്തരമൊരു അടയാളപ്പെടുത്തലായിരുന്നുവെന്ന് ഈ പുസ്തകം അടിവരയിടുന്നു. കൃതിയുടെ പേര് സൂചിപ്പിക്കുന്നതുപോലെ, ലോകത്തിന്റെ നെറുകയിൽ കാലുറപ്പിച്ച് നിന്ന ആ നിമിഷം അരുണിമ സിൻഹ രണ്ടാമതും ജനിക്കുകതന്നെയായിരുന്നു. ഉത്തർപ്രദേശുകാരിയായ അരുണിമക്ക് ചുറ്റുപാടുമുള്ള മറ്റു പെൺകുട്ടികളിൽനിന്ന് വ്യത്യസ്തമായി സ്പോർട്സിലായിരുന്നു താൽപര്യം. പെൺകുട്ടികൾ ഓടുന്നതും ചാടുന്നതും പന്തുതട്ടുന്നതുമൊന്നും പ്രോത്സാഹിപ്പിക്കാത്ത ഒരു ഗ്രാമത്തിൽനിന്ന് വളർന്ന് അവളൊരു ദേശീയ വോളിബാൾ കളിക്കാരിയായി.

ജോലിക്കുവേണ്ടിയുള്ള ഡൽഹി യാത്രയാണ് അരുണിമ സിൻഹയുടെ ജീവിതം തലകീഴായി മറിച്ചത്. പിടിച്ചുപറിക്കാരായ ആൺകൂട്ടം അവളെ ഓടുന്ന ട്രെയിനിൽനിന്ന് പുറത്തേക്ക് വലിച്ചെറിഞ്ഞു. ആ ക്രൂരത അരുണിമ സിൻഹക്ക് രണ്ട് കാലുകളും നഷ്ടമാക്കി. മുഖം രക്ഷിക്കാൻവേണ്ടി റെയിൽവേ സുരക്ഷസേന അരുണിമയെ കുറ്റക്കാരിയായി ചിത്രീകരിച്ചതോടെയാണ് താനെന്താണെന്ന് ലോകത്തിനു മുന്നിൽ കാണിച്ചുകൊടുക്കണമെന്ന തോന്നൽ ആ ചെറുപ്പക്കാരിയിലുണ്ടായത്.

ഹിമാലയം കയറണോ എന്ന സഹോദരീ ഭർത്താവിന്റെ ചോദ്യം അരുണിമ സിൻഹക്ക് ജീവിക്കണോ വേണ്ടയോ എന്ന ചോദ്യത്തിന് തുല്യമായിരുന്നു. എല്ലാം അവസാനിച്ചുവെന്ന് കരുതിയ ഇടത്തുനിന്ന് എല്ലാം വീണ്ടെടുക്കാനുള്ള യാത്രക്ക് അങ്ങനെ അരുണിമ തുടക്കമിട്ടു. ആദ്യമായി എവറസ്റ്റ് കീഴടക്കിയ ഭാരതീയ വനിതയായ ബചേന്ദ്രിപാൽ ആയിരുന്നു അരുണിമ സിൻഹയുടെ പ്രചോദനം.

കൃത്രിമക്കാലുകളുടെ സഹായത്തോടെ അരുണിമ സിൻഹ പർവതാരോഹണത്തിനുള്ള കഠിന പരിശീലനം തുടങ്ങി. പൂർണ ആരോഗ്യമുള്ള മനുഷ്യർക്കുപോലും ഏറെ ദുഷ്കരമായ എവറസ്റ്റ് കയറ്റം വൈകല്യമുള്ള അരുണിമക്ക് സാധിക്കില്ലെന്ന് പറഞ്ഞവരായിരുന്നു ഏറെയും. പോയവരിൽ പലരും ജീവനോടെ തിരിച്ചുവന്നിട്ടില്ല എന്ന യാഥാർഥ്യവും അരുണിമക്ക് മുന്നിലുണ്ടായിരുന്നു. പക്ഷേ, അരുണിമ ആ വെല്ലുവിളി ഏറ്റെടുക്കാൻ ഉറച്ചുതന്നെയായിരുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ അരുണിമ സിൻഹ എല്ലാ പ്രതികൂല ഘടകങ്ങളെയും തരണംചെയ്ത് യാത്ര തുടങ്ങുകയും അവിശ്വസനീയമായ ആ നേട്ടം സ്വന്തം പേരിൽ കുറിക്കുകയും ചെയ്തു.

2013 മേയ് 21ന് ലോകത്തിന്റെ തലപ്പൊക്കം, ഇരുകാലുമില്ലാത്ത ആ പെണ്ണിന് മുന്നിൽ തലകുനിച്ചു. അരുണിമ സിൻഹയുടെ 'പർവതത്തിൽ പുനർജന്മം' ഒരു പാഠപുസ്തകമാണ്. എല്ലാം നഷ്ടപ്പെട്ടാലും അത്രത്തോളമോ അതിനേക്കാളും വലുതോ നേടിയെടുക്കാൻ കഴിയുമെന്നുള്ള പാഠം പകരുന്ന പുസ്തകം.

'പർവതത്തിലെ പുനർജന്മ'ത്തിലൂടെ തന്റെ നേട്ടം അടയാളപ്പെടുത്തുക മാത്രമല്ല അരുണിമ സിൻഹ ചെയ്യുന്നത്. ദാരിദ്ര്യം, സാമൂഹിക അസമത്വം, ലിംഗനീതി തുടങ്ങി ഒട്ടേറെ വിഷയങ്ങളെയും ഈ പുസ്തകത്തിലൂടെ അരുണിമ സിൻഹ അഭിസംബോധന ചെയ്യുന്നു. എല്ലായിടത്തും സ്ത്രീക്കുമേൽ അധികാരവും നിയന്ത്രണവും സ്ഥാപിക്കുന്ന പുരുഷാധിപത്യ മനോഭാവത്തെയും സ്ത്രീക്കു മാത്രം ബാധകമാകുന്ന സാമൂഹിക നിയമങ്ങളെയും വസ്തുകൾ വികലമാക്കി അവതരിപ്പിക്കുന്ന മാധ്യമപ്രവർത്തനത്തെയുമെല്ലാം പുസ്തകം പലയിടത്തായി അടയാളപ്പെടുത്തുന്നു. മനുഷ്യചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഉയിർത്തെഴുന്നേൽപുകളിലൊന്നായാണ് അരുണിമ സിൻഹയുടെ ജീവിതം വിലയിരുത്തപ്പെടുന്നത്. 2014ലാണ് 'ബോൺ എഗെയ്ൻ ഓൺ ദ മൗണ്ടൻ' എന്ന പേരിൽ അരുണിമ സിൻഹയുടെ ആത്മകഥ പെൻഗ്വിൻ റാൻഡം ഹൗസ് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചത്. റെഡ് റോസ് പബ്ലിഷിങ് ഹൗസാണ് മലയാളത്തിലെ പ്രസാധകർ. ●

കവിത



● ചിത്രീകരണം: കെ. നിസാർ

# പേടിക്കുന്ന പേനകൾ

പ്രജിത നമ്പ്യാർ


കടലാസിൽ കുത്തിക്കുറിക്കുവാനായ് പുതിയ പേനയെടുത്തപ്പോൾ-
മുനയൊടിഞ്ഞു!
പാക്കറ്റിൽ കൈയിട്ട് മറ്റൊരെണ്ണമെടുത്തപ്പോൾ-
മഷിവരാതെയായി!
പുതിയതിനെയെല്ലാം എടുത്തുകളഞ്ഞു-
പണ്ടച്ഛൻ വാങ്ങിത്തന്ന മഷിപ്പേന പൊടിതട്ടിയെടുത്തു.
ഇത്തിരി മഷിനിറച്ചെഴുതിത്തുടങ്ങി...
എന്തൊരു തെളിച്ചം...
എന്തൊരു വ്യക്തത...
അല്ലേലും പ്രതികരിക്കാൻ പഴയതല്ലേ നല്ലത്?
പുതിയപേനകൾക്ക് പേടിയാണല്ലോ!

പുസ്തകം




**അയ്യങ്കാളി ജീവിതവും ഇടപെടലുകളും**
എം.ആർ. രേണുകുമാർ
പേജ്: 171, വില: 165.00
ഡി.സി ബുക്സ്

അയ്യങ്കാളിയെ കുറിച്ചും കേരളത്തിന്റെ ആധുനികതയെ കുറിച്ചുമുള്ള പഠനങ്ങൾക്ക് വഴികാട്ടിയാകുന്ന പുസ്തകം. അയ്യങ്കാളിയുടെ ജീവിതത്തെ കേരള ചരിത്രത്തിന്റെ സമഗ്രതയിൽ വിലയിരുത്തുന്നു.



**ചാൾസ് ഡിക്കൻസ്**
നാലു നോവലുകൾ
പുനരാഖ്യാനം:
കാവുമ്പായി ജനാർദനൻ, കോശി തലയ്ക്കൽ, പി.എം. വിശ്വനാഥൻ
പേജ്: 424, വില:399.00
ഡി.സി ബുക്സ്

രണ്ടു നഗരങ്ങളുടെ കഥ, ഒലിവർ ട്വിസ്റ്റ്, മഹനീയ പ്രതീക്ഷകൾ എന്നീ ചാൾസ് ഡിക്കൻസിന്റെ അതിപ്രശസ്ത നോവലുകളുടെ പുനരാഖ്യാനം.




**101 ഖുർആൻ കഥകൾ**
അബ്ദുൽ ജബ്ബാർ കൂരാരി
പേജ്: 224, വില: 210.00
ലിപി പബ്ലിക്കേഷൻസ്

വേദഗ്രന്ഥമായ ഖുർആനിൽ പരാമർശിച്ച കഥകളിൽനിന്ന് തെരഞ്ഞെടുത്ത 101 കഥകളുടെ സമാഹാരമാണിത്. ലളിതമായ വിവരണ ശൈലി.



**പുൽമേട്ടിലെ ചിതൽപ്പുറ്റുകൾ**
ചിന്നു അച്ചബെ
വിവ: പ്രിയ ജോസ് കെ
പേജ്: 278, വില: 270.00
ഡി.സി ബുക്സ്

മാൻ ബുക്കർ ഇൻറർനാഷനൽ പുരസ്കാര ജേതാവിന്റെ വിഖ്യാത നോവലിന്റെ മലയാള വിവർത്തനം. കങ്കൺ എന്ന ഭാവനാദേശത്തിന്റെ കഥയാണ് ചിന്നു അച്ചബെ പറയുന്നത്.




**ഓൺ എയർ**
എഡിറ്റർ: ശ്രുതി കെ.എസ്
പേജ്: 144, വില: 150.00
കൈരളി ബുക്സ്

ഗൾഫ് നാടുകളിലെ റേഡിയോ 25 വർഷം പൂർത്തിയാക്കുന്ന ഘട്ടത്തിൽ, റേഡിയോ പ്രവർത്തകരുടെയും ശ്രോതാക്കളുടെയും ഓർമകൾ രേഖപ്പെടുത്തുകയാണ് ഈ പുസ്തകം.



**രാസലീല**
എം. മുകുന്ദൻ
പേജ്: 50, വില: 45.00
ഹരിതം ബുക്സ്

എഴുത്തുകാരന്റെ ലഘു നോവലുകളിൽ ഒന്ന്. അനുവാചക ശ്രദ്ധയിലേക്ക് എളുപ്പത്തിൽ കടന്നുചെല്ലുന്ന ശൈലിയിലുള്ള മറ്റൊരു ആഖ്യാനം.



**പ്രമേഹം വരുന്ന വഴി**
സമാഹരണം, വിവർത്തനം:
എൻ.വി. ഹബീബുറഹ്മാൻ
പേജ്: 89, വില: 80.00
ഒലിവ്

ഭക്ഷണക്രമീകരണത്തിലൂടെ പ്രമേഹത്തെ പൂർണമായി നിയന്ത്രിക്കാൻ സാധിക്കുമെന്ന് അടയാളപ്പെടുത്തുന്ന പുസ്തകം.



**കഞ്ഞീം കറീം കളിക്കാം**
പ്രഫ. എസ്. ശിവദാസ്, സുമ ശിവദാസ്
പേജ്: 112, വില: 100.00
മാമ്പഴം, ഡി.സി ബുക്സ്

രസകരവും ലളിതവുമായ പാചകപ്രവർത്തനങ്ങളിലൂടെ അനായാസം ചെയ്യാവുന്ന പ്രോജക്ടുകളുടെ ആശയങ്ങളും പ്രവർത്തനരീതികളും പരിചയപ്പെടുത്തുന്ന ബാല സാഹിത്യം.

ചിത്രകല

# 'ചിത്രച്ചന്തം'

**രണ്ടു കിലോമീറ്ററിലധികം ദൈർഘ്യത്തിൽ 1500 സ്റ്റാളുകൾ, അതിൽ വർണവൈവിധ്യങ്ങളുടെയും ശിൽപചാരുതയുടെയും നിറക്കാഴ്ചകൾ. ഒറ്റദിവസത്തെ ചിത്രോത്സവത്തിന് ഒഴുകിയെത്തിയത് അഞ്ചു ലക്ഷത്തോളം പേർ... ബംഗളൂരുവിലെ ചിത്രസന്തെ എന്ന ചിത്രച്ചന്തയിലെ കാഴ്ചകൾ നയിക്കുന്നത് കലയുടെ അതിരുകളില്ലാത്ത ലോകത്തേക്ക്...**



ചിത്രസന്തെ സ്റ്റാളുകളിലെ കാഴ്ചകൾ







എഴുത്തും ചിത്രങ്ങളും
എ.പി. നൗഷാദ്

ഓരോ ചിത്രവും ഓരോ കഥയാണ്. അവക്ക് ചന്തം കൂടുന്നത് മുറിക്കകത്ത് തളച്ചിടുമ്പോഴല്ല, പ്രകൃതി വെളിച്ചത്തിൽ തിളങ്ങുമ്പോഴാണ്. പ്രകൃതിയും മനുഷ്യനും ജീവജാലങ്ങളുമെല്ലാം ചായം പുരട്ടിയിറങ്ങുമ്പോൾ അതിൻെറ വശ്യതയിൽ മയങ്ങാത്ത മനമില്ല. അതിൻെറ നേരടയാളമാണ് ബംഗളൂരുവിലെ ചിത്രസന്തെ എന്ന ചിത്രച്ചന്ത. രാജ്യത്തെ ഏറ്റവും വലിയ ചിത്രോത്സവമേതെന്നു ചോദിച്ചാൽ ആലോചിക്കാതെ ഈ പേര് പറയുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. എല്ലാ വർഷവും ആദ്യത്തെ ഞായറാഴ്ച കലാപ്രേമികൾ ഇതിനായി മാറ്റിവെക്കാൻ തുടങ്ങിയിട്ട് ഒന്നരപ്പതിറ്റാണ്ടായി. ഇക്കഴിഞ്ഞ ജനുവരി ഏഴിന് ഈ വർണവിരുന്ന് കാണാനെത്തിയത് വിദേശ രാജ്യങ്ങളിൽനിന്നടക്കം അഞ്ചു ലക്ഷത്തോളം പേരാണ്. രണ്ടു കിലോമീറ്ററിലധികം ദൈർഘ്യത്തിൽ റോഡ് അടച്ചിട്ട് അധികാരികൾ വർണങ്ങൾക്ക് കുടപിടിച്ചപ്പോൾ റോഡിൻെറ ഇരുവശത്തുമായി ഒരുങ്ങിയത് 1500 സ്റ്റാളുകൾ. ചിത്രങ്ങൾ മാത്രമല്ല, ശിൽപങ്ങളും ചിത്രകല ചേരുവകളുമെല്ലാം സ്റ്റാളുകളിൽ നിറഞ്ഞൊഴുകി. ഇതോടെ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിക്കു സമീപത്തെ കുമാരകൃപ റോഡും നഗരവും സാക്ഷിയായത് സമാനതകളില്ലാത്ത ആഘോഷത്തിന്.

## തെരുവിലെ കലോത്സവം

'എല്ലാവർക്കും കല, എല്ലാം കലക്കുവേണ്ടി' എന്ന സന്ദേശവുമായി കർണാടക ചിത്രകല പരിഷത്തിൻെറ നേതൃത്വത്തിൽ 2004 മുതൽ ചിത്രസന്തെ തെരുവിന് ചിത്രച്ചന്തം പകരുന്നു. പ്രവേശന ഫീസില്ലാതെ ആർക്കും കണ്ടുപോകാവുന്ന ഇതിൽ 100 രൂപ മുതൽ ലക്ഷങ്ങൾ വരെ വിലവരുന്ന ചിത്രങ്ങൾ പ്രദർശനത്തിനും വിൽപനക്കുമെത്തുന്നു. റോഡിൻെറ ഇരുവശങ്ങളിലുമുള്ള കൂറ്റൻ തണൽമരങ്ങൾ ഇവക്ക് സുരക്ഷയുടെ പുതപ്പൊരുക്കുന്നു. ഒരാൾ ആസ്വദിച്ച് കാണുകയാണെങ്കിൽ ഒരാഴ്ച ചെലവഴിച്ചാലും കണ്ടുതീരില്ല ഈ വർണക്കാഴ്ചകൾ. ലക്ഷത്തിലധികം ചിത്രങ്ങൾ ഓരോ വർഷവും ഇവിടെയെത്തുന്നു. ശാന്തിനികേതനിൽ നടക്കുന്ന നന്ദൻ മേളയും മുംബൈയിലെ കലാ ഗോദ ആർട്ട് ഫെസ്റ്റിവലുമാണ് ചിത്രസന്തെക്കൊപ്പം നിൽക്കുന്ന മേളകളെന്ന് കലാകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു.

## കാമറകൾക്ക് ദൃശ്യവിരുന്ന്

ഇത്രയധികം കാമറകൾ സംഗമിക്കുന്ന മറ്റൊരിടം രാജ്യത്തുണ്ടാകുമോയെന്ന സംശയം ന്യായമാണ്. ഒരു ഫോട്ടോയെങ്കിലും എടുക്കാതെ ഒരാളും ഇവിടെനിന്ന് മടങ്ങില്ല. അത്യാധുനിക കാമറകൾക്കൊപ്പം മൊബൈൽ ഫോൺ കാമറകളും വിശ്രമമില്ലാതെ ചിത്രങ്ങൾ പകർത്തുന്ന തിരക്കിലാണ്. ഇത് വിലക്കുന്ന സ്റ്റാളുകൾക്ക് സമീപം നിലയുറപ്പിച്ച് സെൽഫിയെടുത്താണ് കലിപ്പ് തീർക്കൽ. പാതയോരത്തെ വർണവിസ്മയം കണ്ട് ആശ്ചര്യപ്പെട്ടുനിൽക്കുന്ന വിദേശികളെ ഓരോ സ്റ്റാളിലും കാണാം. ഒരു ചിത്രമെങ്കിലും കൈയിലില്ലാതെ ഇവർ തിരിച്ചുപോകുന്നില്ല. വാങ്ങാൻ പറ്റാത്തവ കാമറയിൽ പകർത്തിയാണ് നാട്ടിലേക്കുള്ള മടക്കം.

## ചിത്രകല പരിഷത്തിൻെറ മഹാദൗത്യം

1960ൽ എം. ആര്യമൂർത്തി, എം.എസ്. നഞ്ചുണ്ട റാവു, എസ്.എസ്. കുക്കെ എന്നീ കലാകാരന്മാർ ചേർന്ന് കർണാടക ചിത്രകല പരിഷത്ത് സ്ഥാപിക്കുമ്പോൾ 'ചിത്രസന്തെ' എന്ന മഹാദൗത്യം സ്വപ്നത്തിൽ പോലുമുണ്ടായിരുന്നില്ല. ഇന്ന് ചിത്രകലയുടെ രാജ്യത്തെ ഏറ്റവും പ്രധാന കേന്ദ്രങ്ങളിലൊന്നാണിത്. ചിത്രഗാലറികൾ, മ്യൂസിയങ്ങൾ, ആർക്കൈവ്സ്, ശിൽപങ്ങൾ എന്നിവയെല്ലാംകൊണ്ട് സമ്പന്നമായ ചിത്രകല പരിഷത്ത് ആസ്ഥാനത്ത് വിദേശ വിദ്യാർഥികൾ വരെ ചിത്രകലയഭ്യസിക്കുന്ന കോളജ് ഓഫ് ഫൈൻ ആർട്സുമുണ്ട്. ഐതിഹ്യങ്ങളും പാരമ്പര്യവും ആധുനികതയുമെല്ലാം മേളിക്കുന്ന കലാരൂപങ്ങളാണ് ചിത്രകല പരിഷത്തിനെ സമ്പന്നമാക്കുന്നത്. വാസ്തുശിൽപ വൈദഗ്ധ്യംകൂടി ചേർന്നതോടെ കർണാടകയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നായും ഇത് മാറി. 13 സ്ഥിരം മ്യൂസിയം-ഗാലറികളിൽ പലതും കലാകാരന്മാരുടെ സംഭാവനയാണ്.

## പതിനഞ്ചാം ആണ്ടിലെ നിറഭേദങ്ങൾ

ചിത്രസന്തെയുടെ പതിനഞ്ചാം പതിപ്പിൽ ചിത്രങ്ങൾ പ്രദർശിപ്പിക്കാൻ അവസരം തേടി രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്ന് അമ്പതിനായിരത്തോളം കലാകാരന്മാരാണ് അപേക്ഷ‌യയച്ചത്. ഇതിൽനിന്ന് 1500 പേരെ തിരഞ്ഞെടുത്ത് മറ്റുള്ള പേരുകൾക്കുനേരെ സംഘാടകർക്ക് ചെഞ്ചായമടിക്കേണ്ടിവന്നു. 2018ലെ ആദ്യ ഞായറാഴ്ച ബംഗളൂരു നഗരം ഉണർന്നത് നിറവൈവിധ്യങ്ങളിലേക്കാണ്. രാവിലെ എട്ടിന് ആരംഭിക്കുന്ന പ്രദർശനത്തിനായി പുലർച്ചെ തന്നെ കലാകാരന്മാരെത്തി. അഞ്ചാം ക്ലാസുകാരൻ മുതൽ 80 പിന്നിട്ടവർ വരെ നമ്പറിട്ട് തിരിച്ച, തങ്ങൾക്കനുവദിച്ച സ്റ്റാളുകളിൽ ആവേശത്തോടെ ചിത്രക്കൂട്ടുകൾ നിരത്തിവെച്ചു. ചിത്രങ്ങൾ തന്നെയായിരുന്നു സ്റ്റാളിൻെറ അതിരുകൾ. മരച്ചില്ലകളും ട്രാഫിക് സിഗ്നലുകളും വേലികളുമെല്ലാം വർണാഭരണം ചാർത്തി. ജലച്ചായം, എണ്ണച്ചായം, മ്യൂറൽ, അക്രിലിക്, മണൽ, മിക്സഡ് മീഡിയ തുടങ്ങിയവയിലൊരുക്കിയ ചിത്രങ്ങൾ മാത്രമല്ല, മണ്ണിലും വെങ്കലത്തിലും മരത്തിലുമെല്ലാം ഒരുക്കിയ ശിൽപങ്ങളും റോഡരികിലും ചിത്രകല പരിഷത്ത് കോമ്പൗണ്ടിലും കാഴ്ചവിരുന്നൊരുക്കി. പ്രകൃതിവൈവിധ്യങ്ങളും മാനുഷിക വികാരങ്ങളും സംസ്കാരവും പക്ഷികളുടെയും മൃഗങ്ങളുടെയും ഭാവതീവ്രതയും പൈതൃക നഗരക്കാഴ്ചകളും പ്രമുഖരുടെ പോർട്രെയ്റ്റുകളുമെല്ലാം അതുല്യമായ അനുഭൂതി പകരുന്നതായിരുന്നു.

കൈയിൽ പണം തികയാത്തവരെ സഹായിക്കാൻ മൊബൈൽ എ.ടി.എമ്മുകളും സ്വൈപിങ് മെഷീനുകളുമടക്കമുള്ള ഡിജിറ്റൽ സംവിധാനവും എത്തിയതോടെ വിൽപനയും കുതിച്ചുകയറി. ആഭരണങ്ങളും ഭക്ഷ്യവിഭവങ്ങളും ബലൂണുകളും പുഷ്പാലങ്കാരങ്ങളും മയിൽപ്പീലികളുമായി തെരുവുകച്ചവടക്കാരും മേള കൊഴുപ്പിച്ചു. റോഡിൽ കസേരകളിട്ട് തത്സമയം കാരിക്കേച്ചർ വരച്ചുനൽകുന്ന കലാകാരന്മാർ അമ്പതിലധികമുണ്ടായിരുന്നു. തെർമോകോളും വർണക്കടലാസും കൊണ്ടുണ്ടാക്കിയ വസ്ത്രമണിഞ്ഞെത്തിയ നർത്തകിമാരെയും ശരീരത്തിൽ ചായം തേച്ചിറങ്ങിയവരെയും കാണാൻ തിരക്കൊഴിഞ്ഞ നേരമുണ്ടായിരുന്നില്ല. 44കാരനായ അമേരിക്കൻ കലാകാരൻ ഗ്രിഗറി ജാക്സൺ ഹാലി ശരീരം തന്നെ കാൻവാസാക്കിയപ്പോൾ അതിൽ നോട്ടം പതിയാത്തവരാരുമുണ്ടായിരുന്നില്ല. ചിത്രകല പരിഷത്തിലെ സ്ഥിരം ആർട്ട് ഗാലറിയിൽനിന്ന് ചരിത്രത്തിലാദ്യമായി 100 പ്രമുഖ കലാകാരന്മാരുടെ ചിത്രങ്ങൾ പുറത്തെത്തിച്ചും പ്രദർശിപ്പിച്ചു.

## മലയാളത്തിൻെറ വർണക്കൂട്ടുകൾ

വർണക്കൂട്ടുകൾ കൊണ്ട് കലാസ്വാദകരെ അതിശയിപ്പിച്ച പാരമ്പര്യം കൈമോശം വന്നിട്ടില്ലെന്ന് തെളിയിക്കാൻ ചിത്രസന്തെയിൽ സ്ഥിരസാന്നിധ്യമായ ചില മലയാളികളുണ്ട്. പയ്യന്നൂരുകാരനായ പ്രകാശ് ഒമ്പതു വർഷമായി ഇതിൻെറ ഭാഗമാണ്. കഥകളി, തെയ്യം, യക്ഷഗാനം എന്നിവയുടെ മനോഹാരിതയാണ് ഇദ്ദേഹത്തിൻെറ കാൻവാസിലധികവും പിറവികൊണ്ടത്. ഇതിന് എന്നും ആവശ്യക്കാരുമുണ്ട്. ബംഗളൂരുവിലെ വാൻഗോഗ് ആർട്സ് ആൻഡ് ഫ്രെയിംസ് സ്ഥാപകരിലൊരാളായ കണ്ണൂർ ചാല സ്വദേശി അബ്ദുൽ ജലീലും ഒമ്പതു വർഷമായി മേളയിലുണ്ട്. വൈകല്യം മറന്നെത്തിയ രണ്ടു പയ്യന്നൂരുകാരും ശ്രദ്ധ പിടിച്ചുപറ്റി. ചുണ്ടുകളിൽ ബ്രഷ് കടിച്ചുപിടിച്ച് വിസ്മയ ചിത്രങ്ങളൊരുക്കിയ സുനിത തൃപ്പാനിക്കരയുടെ വരകളിലധികവും പരിസ്ഥിതി പ്രമേയമാക്കിയുള്ളവയായിരുന്നു. വീൽ ചെയറിലെത്തിയ പി.പി. മഹേഷിൻെറ തെയ്യം വേഷങ്ങളുടെ ഛായാചിത്രങ്ങളാണ് ഏറെ പേരെ ആകർഷിച്ചത്. മലയാളം, കന്നട സിനിമകളിൽ ശ്രദ്ധേയ വേഷങ്ങൾ കൈകാര്യംചെയ്ത നടി ജെന്നിഫർ ആൻറണി ആറാം വർഷമാണ് ചിത്രോത്സവത്തിൻെറ ഭാഗമാകുന്നത്. ഇത്തവണ ഉദ്ഘാടനച്ചടങ്ങിൽ അതിഥിയായി മലയാളത്തിൻെറ പ്രിയ ശിൽപി കാനായി കുഞ്ഞിരാമനും ഉണ്ടായിരുന്നു.

## തേടിവരും ആസ്വാദകർ

ചിത്രസന്തെ എന്ന ജനുവരിയുത്സവത്തിന് എത്തുന്നവരുടെ എണ്ണം വർഷംതോറും കുതിക്കുകയാണ്. ഒരു തവണ കലാസ്വാദകനായെത്തുന്നവർ അടുത്ത വർഷം തങ്ങളുടെ വരകളുമായി സ്റ്റാളൊരുക്കുന്ന കാഴ്ച ഇവിടെ പുതുമയില്ലാത്തതാണ്. ഈ മേള നൽകുന്ന ഊർജവും അതാണ്. ചിത്രങ്ങളിൽ ലയിച്ച് ചിത്രകല പരിഷത്തിൽ വരയഭ്യസിക്കാനെത്തുന്നവരും കുറവല്ല. ചിത്രകലയെ എങ്ങനെ സാധാരണക്കാരിലെത്തിക്കാമെന്നതിൻെറ അതുല്യ മാതൃകയാണ് ചിത്രസന്തെ. അതിലെ കാഴ്ചകൾ ആസ്വാദകരെ നയിക്കുന്നത് സമാനതകളില്ലാത്ത മറ്റൊരു ലോകത്തിലേക്കാണ്. ●











